**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 208** **07-07-2022 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കും വികസന പദ്ധതികൾക്കുവേണ്ട ഭൂമി ഏറ്റെടുക്കലിനുമായി നാളിതുവരെ കിഫ്ബി അനുവദിച്ച എഴുപതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി രണ്ട് കോടിയിൽ പരം രൂപയുടെ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (എ) | കിഫ്‌ബി പദ്ധതികളായി70,841.38/-കോടി രൂപയുടെ 962 പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുള്ളതും 20184.54 കോടി രൂപ നൽകിയിട്ടുള്ളതുമാണ്. ഇതിൽ5486.59/-കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 18,000 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>20,000 കോടി രൂപയുടെ വിവിധ ഭൂമി ഏറ്റെടുക്കൽ പദ്ധതികളിൽ 9507.07 കോടി രൂപ ഇതിനോടകം നൽകികഴിഞ്ഞു.NHAI യ്ക്കുള്ള സംസ്ഥാന വിഹിതവമായ 6,769.01 കോടി രൂപയിൽ, ഇതുവരെ കൈമാറിയ 5,580.74 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു. ഇൻഡസ്ട്രിയൽ പാർക്കുകൾക്കായി 13988.63 കോടി രൂപയും കൊച്ചി - ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോറിനും ഗിഫ്റ്റ് സിറ്റിക്കുമായുള്ള 1880 കോടി രൂപയും കിഫ് ബോർഡ് അംഗീകരിച്ച ഭൂമി ഏറ്റെടുക്കൽ പദ്ധതികളിൽ ഉൾപ്പെടുന്നവയാണ്. ഇവയിലേക്കായി 3927.03 കോടി രൂപയും ഇതിനോടകം നൽകികഴിഞ്ഞു. |
| (ബി) | പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി ഇതുവരെയുള്ള ധനവിനിയോഗം എത്രയാണെന്നും അവ പ്രധാനമായും ഏതൊക്കെ മേഖലകളിലാണ് ചെലവഴിച്ചതെന്നും അറിയിക്കാമോ; | (ബി) | വിവിധ കിഫ്‌ബി പദ്ധതികളിലേക്കായി മെയ് 2022 ലെ കണക്കുകൾ പ്രകാരം 20,184.54 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 9,662.80 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന പദ്ധതികളിലും 3,927.03 കോടി രൂപ വ്യവസായ വകുപ്പിന് കീഴിൽ വരുന്ന പദ്ധതികളിലും 1,670.99 കോടി രൂപജലവിഭവവകുപ്പിന് കീഴിൽ വരുന്ന പദ്ധതികളിലും നൽകിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതി ചെലവ് വിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (സി) | കിഫ്ബി സംസ്ഥാനത്തെ കടക്കെണിയിലാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കുമോ; പൊതു ഏജൻസികളുടെ ബജറ്റ് ബാഹ്യ വിഭവ സമാഹരണം സർക്കാരിന്റെ പൊതു കടത്തിൽപ്പെടുന്നില്ലെന്ന് കേന്ദ്ര സർക്കാർ പാർലമെന്റിൽ വ്യക്തമാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | കേരളത്തിലെ അടിസ്ഥാന സൗകര്യ പദ്ധതികളിലേക്കായി പണം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കിഫ് ആക്ട് 1999 ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റ് ആണ് കിഫ്ബി. ഇതിലൂടെ ലക്ഷ്യംവെച്ചിട്ടുള്ളകാര്യങ്ങൾ നടപ്പിലാക്കുന്നതിന് അതിനെപര്യാപ്തമാക്കുന്നതിന് നിയമനിർമ്മാണം വഴി മുൻവർഷത്തിൽ ലഭിച്ച മോട്ടോർ വാഹന നികുതിയുടെ നിശ്ചിതവിഹിതവും പെട്രോളിയം സെസ്സും കണക്കാക്കിയുള്ള തുക സംസ്ഥാന സർക്കാർനൽകിവരുന്നത്. ഇത് കിഫ് ആക്ട് മുഖാന്തിരം നിയമപ്രകാരം മുടക്കമില്ലാതെ കിഫ്ബിക്ക് നൽകേണ്ടതാണ്. ആക്ട് അനുശാസിക്കുന്ന പ്രകാരം കിഫ്ബിയുടെ പ്രവർത്തന ചെലവുകൾക്കും തിരിച്ചടവുകൾക്കും പദ്ധതി നിർവ്വഹണത്തിനും ഈ തുക പ്രയോജനപ്പെടുത്താവുന്നതാണ്. കിഫ്ബിയുടെവായ്പകളുടെ തിരിച്ചടവ് മേൽ സൂചിപ്പിച്ചപോലെ ആക്ട് പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും, വരുമാനദായകമായ പദ്ധതികളിൽ നിന്നുമുള്ള തിരിച്ചടവിൽ നിന്നും, നിക്ഷേപങ്ങളിൽ പലിശയായി ലഭിക്കുന്ന തുകയിൽനിന്നുമാണ് നടത്തിവരുന്നത്. കിഫ്ബിയുടെ കാര്യത്തിൽ ഇരുപത്തഞ്ച് ശതമാനം പദ്ധതിയെങ്കിലും വരുമാനദായകമാണ്. ട്രാൻസ്ഗ്രിഡ്, കെ ഫോൺ, വ്യവസായ ഭൂമി, തുടങ്ങിയവയ്ക്ക് നൽകുന്ന വായ്പ മുതലും പലിശയും ചേർന്ന് കിഫ്ബിയിൽ തിരിച്ചെത്തുന്നുണ്ട്. അങ്ങനെ നോക്കിയാൽ ഈ തുകയും നിയമം മൂലം സർക്കാരിൽ നിന്ന് ലഭിക്കുന്ന നികുതി വിഹിതവും ചേർത്താൽ കിഫ്ബി ഒരിക്കലും കടക്കെണിയിൽ ആവില്ല. ഓരോ പ്രോജക്ട് എടുക്കുമ്പോഴും അതിന്റെ ബാധ്യതകൾ എത്രയാണെന്ന് കൃത്യമായി കണക്കാക്കുവാൻ പ്രാപ്തിയുള്ള അസെറ്റ് ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ് വെയർ കിഫ്ബി വികസിപ്പിച്ചിട്ടുണ്ട്. അതുപോലെ കിഫ്ബിക്ക് വരും വർഷങ്ങളിൽ ലഭിക്കുന്ന വരുമാനവും കൃത്യമായി കണക്ക് കൂട്ടാൻ ആവും. ഭാവിയിൽ ഒരു ഘട്ടത്തിലും കിഫ്ബിയുടെ ബാധ്യതകൾ വരുമാനത്തെ അധികരിക്കില്ല എന്ന് ഉറപ്പ് വരുത്തി കൊണ്ട് മാത്രമേ കിഫ്ബി ബോർഡ് പ്രോജക്ടുകൾ അംഗീകരിക്കുകയുള്ളൂ. അസറ്റ് ലയബിലിറ്റി മോഡൽ (ALM) സോഫ്റ്റ് വെയർ അടിസ്ഥാനത്തിൽ ആണ് കിഫ്ബിയുടെ ധനസമാഹരണ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നത്.ഇതു കൊണ്ടാണ് കിഫ്ബി |

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാനത്തിന് ബാധ്യതയാകും എന്ന ആരോപണം സാധൂകരിക്കപ്പെടാത്തത്.<br><br>പൊതു ഏജൻസികളുടെ ബജറ്റ് ബാഹ്യ വിഭവ സമാഹരണം സർക്കാരിന്റെ പൊതു കടത്തിൽപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച്ബഹു. എം.പി ശ്രീ. ജോൺ ബ്രിട്ടാസ് രാജ്യസഭയിൽ ഉന്നയിച്ച 1805 (സി) ചോദ്യത്തിന് ഉത്തരമായി 2021 ഡിസംബർ 14 ന് ബഹു. കേന്ദ്ര ധനകാര്യ മന്ത്രി ശ്രീമതി.നിർമല സീതാരാമൻ നൽകിയ മറുപടിയിൽ പൊതുമേഖല സ്ഥാപനങ്ങൾ സമാഹരിക്കുന്ന External Budgetary Resources (EBRs) കേന്ദ്ര സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. (അനുബന്ധം 3) |

സെക്ഷൻ ഓഫീസർ

[illegible] - 3

GOVERNMENT OF INDIA

MINISTRY OF FINANCE

DEPARTMENT OF ECONOMIC AFFAIRS

RAJYA SABHA

UNSTARRED QUESTION NO.1805

TO BE ANSWERED ON TUESDAY, DECEMBER 14, 2021

**Agrahayana 23, 1943 (Saka)**

## OFF-BUDGET BORROWING

**1805 Shri John Brittas:**

Will the Minister of ***Finance*** be pleased to state:

(a) what is Off-budget borrowing;

(b) the Off-budget borrowing of the Union Government in 2019-20 and 2020-21 according to different department numbers, including financial support extended through loans from National Social Security Fund (NSSF);

(c) the total public borrowing of the Union Government in 2019-20 and 2020-21; and

(d) whether Off-budget borrowings of the Union Government are included in the total public borrowings of the Government of India?

**ANSWER**

**THE MINISTER OF STATE IN THE MINISTRY OF FINANCE**
**(SHRI PANKAJ CHAUDHARY)**

(a) Extra Budgetary Resources(EBRs) are funds raised by public agencies through issue of Govt. fully serviced bonds to augment infrastructure spending. Apart from EBR, financial supports have also been extended through loans from National Small Savings Fund(NSSF) to public agencies.

(b) Details are as under:

(Rs. in Crores)

| Sl. No. | Name of Ministry/Department and Name of the Scheme | Actuals 2019-20 | Revised Estimates 2020-21 |
|---|---|---|---|
| A. | **Extra Budgetary Resources(EBR)** | | |
| 1. | Department of Water Resources, River Development and Ganga Rejuvenation | | |
| | Polavaram Irrigation Project | 1850.00 | 2234.29 |
| | Pradhan Mantri Krishi Sinchai Yojana (Accelerated Irrigation Benefits Programme & other Projects) | 1963.30 | 4225.00 |
| 2. | Department of Drinking Water & Sanitation | | |
| | Swachh Bharat Mission(Rural) | 3600.00 | - |
| 3. | Ministry of Power | | |
| | Deen Dayal Upadhyaya Gram Jyoti Yojana/SAUBHAGYA | 3782.00 | 5000.00 |
| 4. | Department of Rural Development | | |
| | Pradhan Mantri Awas Yojana(PMAY)-Rural | 10811.00 | 20000.00 |
| | **EBR(Total)** | **22006.30** | **31459.29** |
| B. | **Loans from National Small Savings Fund(NSSF)** | | |
| 1. | Department of Food & Public Distribution | | |
| | Food Corporation of India | 110000.00 | 84636.00 |
| 2. | Ministry of Housing & Urban Affairs | | |
| | Building Materials & Technology Promotion Council | 15000.00 | 10000.00 |
| 3. | Department of Fertilizers | | |
| | Metals & Minerals Trading Corporation | 1310.00 | - |
| | **NSSF(Total)** | **126310.00** | **94636.00** |
| | **Grand Total(A+B)** | **148316.30** | **126095.29** |

(c) & (d) The total public borrowings (through internal and external sources) of Government in FY 2019-20 and FY 2020-21 (prov.) was Rs. 10.16 lakh crore and Rs. 19.59 lakh crore, respectively. Public borrowings of the Government do not include Extra Budgetary Resources (EBRs) raised by Public Agencies.

******

SECTION OFFICER

അനുബന്ധം -2

| വകുപ്പ് | പദ്ധതികൾക്ക് ചെലവായ തുക (കോടി രൂപയിൽ) |
|---|---|
| പൊതു മരാമത്ത് വകുപ്പ് | 9,662.80 |
| വ്യവസായ വകുപ്പ് | 3,927.03 |
| ജലവിഭവ വകുപ്പ് | 1,670.99 |
| പൊതു വിദ്യാഭ്യാസ വകുപ്പ് | 1,566.93 |
| ഊർജ്ജ വകുപ്പ് | 1,250.73 |
| ആരോഗ്യവും കുടുംബക്ഷേമ വകുപ്പ് | 597.92 |
| വിവര സാങ്കേതിക വകുപ്പ് | 414.79 |
| കായികവും യുവജനക്ഷേമവും വകുപ്പ് | 219.54 |
| ഉന്നത വിദ്യാഭ്യാസ വകുപ്പ് | 187.24 |
| വനം വകുപ്പ് | 150.1 |
| ആയുഷ് വകുപ്പ് | 113.25 |
| സാംസ്കാരിക വകുപ്പ് | 89.41 |
| മത്സ്യവും തുറമുഖവും വകുപ്പ് | 88.11 |
| തദ്ദേശ സ്വയം ഭരണ വകുപ്പ് | 65.81 |
| പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് | 62.48 |
| രജിസ്ട്രേഷൻ വകുപ്പ് | 32.24 |
| തൊഴിലും നൈപുണ്യവും വകുപ്പ് | 22.44 |
| റെവന്യൂ വകുപ്പ് | 13.56 |
| ആഭ്യന്തര വകുപ്പ് | 11.61 |
| കാർഷിക വകുപ്പ് | 10.99 |
| ദേവസ്വം | 9.87 |
| ടൂറിസം വകുപ്പ് | 7.51 |
| ഗതാഗത വകുപ്പ് | 5.42 |
| കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ | 3.75 |
| ആകെ തുക | 20,184.54 |

(signature)
SECTION OFFICER

അനുബന്ധം 7

| Department | KIIFB Approved Projects | | Completed Projects | |
|---|---|---|---|---|
| | No. of Projects Approved | Approved Amount (Rs.in Crore) | No of Sub Projects/Components Completed | Fund sanctioned by KIIFB (in Rs. Cr) |
| PWD | 419 | ₹ 22,850.27 | 43 projects | ₹ 1,550.69 |
| Agriculture | 1 | ₹ 21.43 | | |
| Ayush | 2 | ₹ 183.05 | | |
| Backward Classes Development Department | 1 | ₹ 17.73 | | |
| Coastal Shipping & Inland Navigation | 7 | ₹ 1,835.67 | | |
| Culture | 17 | ₹ 462.24 | | |
| Devaswom | 2 | ₹ 129.91 | | |
| Fisheries and Ports | 26 | ₹ 516.07 | Fishing Harbour at 2 locations and 6 fisheries schools | ₹ 21.05 |
| Forest | 4 | ₹ 458.82 | Man-Animal Conflict : Fencing completed in 30 locations. Thrissur zoological park: 2 components completed | ₹ 130.81 |
| General Education | 142 | ₹ 2,869.13 | 267 School buildings, 44705 Hitech class rooms, 11257 Hitech Labs *(as clustered in 89 projects)* | ₹ 1,774.55 |
| Health & Family Welfare | 65 | ₹ 4,927.47 | GMC Thiruvananthapuram, 1 Taluk Hospital, 1 General Hospital, 43 Dialysis Centres, 7 CCU and 8 Cathlabs | ₹ 334.02 |
| Higher Education | 52 | ₹ 1,111.46 | 5 College buildings | ₹ 27.39 |
| Home | 6 | ₹ 220.14 | | |
| Industries | 1 | ₹ 62.16 | | |
| Information Technology | 3 | ₹ 1,412.86 | Construction of IT Building at Technocity (2 lakh sq.ft) | ₹ 100.00 |
| Labour & Skills | 5 | ₹ 84.92 | | |
| Local Self Government | 21 | ₹ 611.57 | | |
| Power | 18 | ₹ 5,200.00 | | |
| Registration | 6 | ₹ 88.65 | 25 SROs in 7 projects | ₹ 28.78 |
| Revenue | 2 | ₹ 32.62 | | |
| SC/ST Development | 10 | ₹ 182.23 | PMH, ITI, & MRS Buildings (15 Nos) | ₹ 80.61 |
| Sports & YA | 38 | ₹ 784.72 | 10 Stadiums include Sports facilities and synthetic tracks | ₹ 109.50 |
| Tourism | 11 | ₹ 363.64 | 5 components in Alappuzha heritage project | ₹ 15.15 |
| Transport | 3 | ₹ 600.98 | | |
| Water Resources | 93 | ₹ 5,876.14 | 14 WSS Projects | ₹ 336.58 |
| **Total** | **955** | **₹ 50,903.88** | | **₹ 4,509.13** |

| Projects under Land Acquisition Pool of ₹ 20,000 Crore | | | | |
|---|---|---|---|---|
| PWD-NHAI | 1 | ₹ 6,769.01 | **No of Sub Projects** | **Fund sanctioned by KIIFB (in Rs. Cr)** |
| Industries (Under LA Pool) | 6 | ₹ 16,077.23 | 1 (LA for Petrochemical Park) | ₹ 977.46 |
| *Industrial Parks - 3 projects - ₹13988.63 Cr* | | | | |
| *Taking over of land from HNL - ₹200.60 Cr* | | | | |
| *Kochi - Banglore Industrial Corridor & Gift City - ₹1888.00 Cr* | | | | |
| **Total** | **7** | **₹ 22,846.24** | | **₹ 977.46** |

| KIIFB Approved Projects - Grand Total | | |
|---|---|---|
| Infrastructure Projects | 955 | ₹ 50,903.88 |
| Projects under Land Acquisition Pool | 7 | ₹ 20,000.00 |
| **Total** | **962** | **₹ 70,903.88** |

SECTION OFFICER

## വിശദീകരണകുറിപ്പ്

സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ധനസമാഹരണം ബഡ്ജറ്റിനു പുറമെ നിന്നും കണ്ടെത്തുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിനു കീഴിൽ സ്ഥാപിതമായ കേന്ദ്രീകൃത ഏജൻസിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് അഥവാ കിഫ്ബി. സെബിയും ആർ.ബി.ഐയും അംഗീകരിച്ച നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനനുയോജ്യമായ രീതിയിൽ ഭേദഗതി ചെയ്ത കിഫ് ആക്റ്റ് 2016 ൽ നിലവിൽ വന്നതിനു ശേഷം സംസ്ഥാനത്തെ വൻകിട നിർമ്മാണ മേഖലകളായ റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഊർജ്ജം തുടങ്ങിയ മേഖലകളിൽ കിഫ്ബി ചുവടുറപ്പിച്ചുകഴിഞ്ഞു.

ബഹു. എം.പി ശ്രീ. ജോൺ ബ്രിട്ടാസ് രാജ്യസഭയിൽ ഉന്നയിച്ച 1805 (സി) ചോദ്യത്തിന് ഉത്തരമായി 2021 ഡിസംബർ 14 ന് ബഹു. കേന്ദ്ര ധനകാര്യ മന്ത്രി ശ്രീമതി.നിർമലസീതാരാമൻ നൽകിയ മറുപടിയിൽ പൊതുമേഖല സ്ഥാപനങ്ങൾ സമാഹരിക്കുന്ന External Budgetary Resources (EBRs) കേന്ദ്ര സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കിഫ്ബി വായ്പകളെ ഓഫ് ബജറ്റ് കടമെടുപ്പായോ സർക്കാരിന്റെ നേരിട്ടുള്ള ബാധ്യത ആയോ വ്യാഖ്യാനിക്കേണ്ടതില്ല. കിഫ്ബി ആന്യൂറ്റി മാതൃകയിൽ അടിസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു തനത് സാമ്പത്തിക സംവിധാനമാണ്. അല്ലാതെ ബജറ്റിന് പുറത്ത് കടമെടുക്കാൻ ഉണ്ടാക്കിയ ഒരു സംവിധാനമല്ല. ബജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച ഏതാണ്ട് 70,000 കോടിയോളം രൂപ വരുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കിഫ്ബിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു കാലക്രമേണ വളരുന്ന ആന്യൂറ്റി (growing annuity) പേയ്മെന്റ് ആയി കിഫ്ബിക്ക് മോട്ടോർ വാഹന നികുതിയുടെ പകുതിയും പെട്രോൾ സെസ്സ് തുകയും നൽകുമെന്ന് സർക്കാർ നിയമം മൂലം ഉറപ്പ് നൽകുന്നു.

കിഫ്ബിയുടെ കാര്യത്തിൽ ഇരുപത്തഞ്ച് ശതമാനം പദ്ധതി എങ്കിലും വരുമാനദായകമാണ്. ട്രാൻസ് ഗ്രിഡ്, കെ ഫോൺ, വ്യവസായ ആവശ്യത്തിന് ഭൂമി

ഏറ്റെടുക്കൽ, തുടങ്ങിയവക്ക് നൽകുന്ന വായ്പ മുതലും പലിശയും ചേർന്ന് കിഫ്ബിയിൽ തിരിച്ചെത്തുന്നുണ്ട്. അങ്ങനെ നോക്കിയാൽ ഈ തുകയും നിയമം മൂലം സർക്കാരിൽ നിന്ന് ലഭിക്കുന്ന നികുതി വിഹിതവും ചേർത്താൽ കിഫ്ബി ഒരിക്കലും കടക്കെണിയിൽ ആവില്ല. ഓരോ പ്രോജക്ട് എടുക്കുമ്പോഴും അതിന്റെ ബാധ്യതകൾ എത്രയാണെന്ന് കൃത്യമായി പ്രവചിക്കാൻ പോന്ന അസെറ്റ് ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ് വെയർ കിഫ്ബി വികസിപ്പിച്ചിട്ടുണ്ട്. അതുപോലെ കിഫ്ബിക്ക് വരും വർഷങ്ങളിൽ ലഭിക്കുന്ന വരുമാനവും കൃത്യമായി കണക്ക് കൂട്ടാൻ ആവും. ഭാവിയിൽ ഒരു ഘട്ടത്തിലും കിഫ്ബിയുടെ ബാധ്യതകൾ വരുമാനത്തെ അധികരിക്കില്ല എന്ന് ഉറപ്പ് വരുത്തി കൊണ്ട് മാത്രമേ കിഫ് ബോർഡ് പ്രോജക്ടുകൾ അംഗീകരിക്കൂ. അസറ്റ് ലയബിലിറ്റി മോഡൽ (ALM) സോഫ്റ്റ് വെയർ അടിസ്ഥാനത്തിൽ ആണ് കിഫ്ബിയുടെ ധനസാമാഹരണ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നത്. ഇത് കൊണ്ടാണ് കിഫ്ബി സംസ്ഥാനത്തിന് ബാധ്യതയാകും എന്ന ആരോപണം സാധൂകരിക്കപ്പെടാത്തത്. സംസ്ഥാനത്തെ കടക്കെണിയിലാക്കും എന്നും മറ്റുമുള്ള ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണ്. അനിയന്ത്രിതമായ കടമെടുപ്പല്ല കിഫ്ബിയിൽ നടക്കുന്നതെന്ന് സാരം.

സെക്ഷൻ ഓഫീസർ